## തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ നടപടിക്രമം

(ഹാജർ : ADDITIONAL DIRECTOR)

സംഗ്രഹം

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ്–ജീവനക്കാര്യം - ടൈപ്പിസ്റ്റ് (മുൻ മുൻസിപ്പൽ കോമൺ സർവീസ്) തസ്തികയിൽ ജീവനക്കാർക്ക് റേഷ്യോ പ്രമോഷൻ അനുവദിച്ച് ഉത്തരവാകുന്നു .

ഉത്തരവ് നമ്പർ .< LSGD/PD/1231/2023-DEE4>തീയതി:15-05-2025

പരാമർശം: 1) 22/12/2022 തീയതിയിലെ സ. ഉ. (കൈ) നം. 277/2022/LSGD നമ്പർ ഉത്തരവ്.

2) 01.07.2024 തീയതിയിലെ തസ്വഭവ-ഇയു2-291/2023-തസ്വഭവ നമ്പർ കത്ത്.

3) ജി.ഒ (പി) 27/2021/ധന നമ്പർ ഉത്തരവ്

### ഉത്തരവ്

തദ്ദേശ സ്വയംഭരണ (മുൻ മുൻസിപ്പൽ കോമൺ സർവീസ്) വകുപ്പിലെ 60 ടൈപ്പിസ്റ്റ് തസ്തികകൾ പ്രസ്തുത തസ്തികകളിലെ നിലവിലെ ജീവനക്കാരുടെ സേവനകാലാവധി അവസാനിക്കുന്ന/ഒഴിവുകൾ നിലവിൽ വരുന്ന മുറക്ക് ഈ തസ്തികകൾ സ്വമേധയാ ഇല്ലാതാകുന്നതാണെന്ന് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുള്ളതും ടി വകുപ്പിലെ ടൈപ്പിസ്റ്റ് തസ്തികയിലെ ആകെ കേഡർ സ്ട്രെങ്ത് ആയിരുന്ന 179 ൽ നിന്നും 60 ടൈപ്പിസ്റ്റ് തസ്തികകൾ റദ്ദാക്കിയതിനെ തുടർന്ന് ടൈപ്പിസ്റ്റ് തസ്തികയിലെ ഓരോ ഗ്രേഡിലെയും അംഗബലം (എൽ.ഡി: യു.ഡി : സീനിയർ ഗ്രേഡ്: സെലക്ഷൻ ഗ്രേഡ്) 30:30:30:29 ആകുന്നതുവരെ പ്രസ്തുത തസ്തികകളിൽ സ്ഥാനകയറ്റം/തസ്തിക മാറ്റ നിയമനം/ നേരിട്ടുള്ള നിയമനം (എൻടി കേഡർ) എന്നിവ മുഖേന ഒഴിവുകൾ നികത്തുവാൻ പാടുള്ളതല്ല എന്ന് പരാമർശം (2) പ്രകാരം സ്പഷ്ടീകരണം ലഭ്യമായിട്ടുള്ളതുമാണ്. മുൻ മുൻസിപ്പൽ കോമൺ സർവീസിലെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് സേവനത്തിൽ നിന്ന് വിരമിച്ചതിനെ തുടർന്ന് ടി വകുപ്പിലെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റിന്റെ ആകെ അംഗബലം 28 ആയിട്ടുള്ളതും, ടി സാഹചര്യത്തിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റിന്റെ അംഗബലം 29 ആയി നിലനിർത്തേണ്ടതുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് സേവനത്തിൽ നിന്ന് വിരമിച്ചതിനെ തുടർന്ന് നിലവിൽ വന്ന ഒരു ഒഴിവിലേക്ക് മുൻ മുൻസിപ്പൽ സരവീസിലെ സീനിയർ ഗ്രേഡ് തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും നിലവിൽ സീനിയറുമായി അർഹയായ ജീവനക്കാരിക്ക് ടി ജീവനക്കാരിയുടെ പേരിന് നേരെ ചേർത്തിരിക്കുന്ന തീയതി പ്രാബല്യത്തിൽ 39,300-83,000/- ശമ്പള സ്കെയിലിൽ സെലക്ഷൻ ഗ്രേഡ് തസ്തികയിലേയ്ക്ക് റേഷ്യോ പ്രമോഷൻ അനുവദിച്ചും നിലവിലെ സ്റ്റേഷനിൽ തുടരുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് | നിലവിലെ സ്റ്റേഷൻ | പ്രാബല്യ തീയതി |
|---|---|---|---|
| 1 | ബിന്ദു സി | പട്ടാമ്പി നഗരസഭ | 01.05.2025 |

1958 ലെ കെ.എസ്. ആന്റ് .എസ്.എസ്.ആർ ജനറൽ റൂൾ 31(എ) പ്രകാരം മുകളിൽ പരാമർശിച്ചിട്ടുള്ള പ്രൊമോഷൻ തികച്ചും താൽക്കാലികവും ഓഡിറ്റിനും, OA(EKM) 349/2022 നമ്പർ കേസിൻമേലുള്ള അന്തിമ വിധിയ്ക്ക് വിധേയവും ഏതൊരവസരത്തിലും പുന:പരിശോധനയ്ക്ക് വിധേയവുമാണ്. റേഷ്യോ പ്രൊമോഷൻ ലഭിച്ച മേൽ ജീവനക്കാരിയുടെ നിയമനം പൊതുസ്ഥലമാറ്റ ഉത്തരവുകൾക്കും, തദ്ദേശ സ്വയംഭരണ വകപ്പിലെ ടൈപ്പിസ്റ്റ് തസ്തികയിലെ റേഷ്യോ ജില്ലാതലത്തിൽ സ്ഥിരപ്പെടുത്തുമ്പോഴും, അർഹരായ ജീവനക്കാർക്ക് സ്ഥലമാറ്റം/നിയമനം നല്കുന്നതിലേക്കായി

പുനഃപരിശോധിക്കുന്നതായിരിക്കും. പുനഃപരിശോധനയുടെ ഭാഗമായി മറ്റൊരു സ്റ്റേഷനിലേക്ക് സ്ഥലം മാറ്റേണ്ടുന്നതായി കാണുന്നപക്ഷം, നിലവിലെ സ്റ്റേഷനിൽ തുടരുന്നതിന് മേൽ ജീവനക്കാരിക്ക് അർഹതരയുണ്ടായിരിക്കുന്നതല്ല. ഈ ഉത്തരവ് ഉടനടി പ്രാബല്യത്തിൽ വരുന്നതാണ്. ഈ ഉത്തരവ് വഴി റേഷ്യോ പ്രൊമോഷൻ ലഭിക്കുന്ന ജീവനക്കാരിക്ക് ശമ്പളം പുനർനിർണയിച്ച് ജീവനക്കാരിയുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

മേൽ റേഷ്യോ പ്രൊമോഷൻ ലഭിച്ചിട്ടുള്ള ജീവനക്കാരി റേഷ്യോ പ്രൊമോഷൻ ലഭിച്ചിട്ടുള്ള തസ്തികയിലെ ശമ്പള നിർണയത്തിന് മേൽ പരാമർശിത സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള ഡിക്ലറേഷൻ ബന്ധപ്പെട്ട മേലധികാരിക്ക് നൽകേണ്ടതാണ്

Ajithkumar M P
ADDITIONAL DIRECTOR

പകർപ്പ് :
1. സി.എ, പ്രിൻസിപ്പൽ ഡയറക്ടർ
2. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
3. ബന്ധപ്പെട്ട ജീവനക്കാരിക്ക്(നിയന്ത്രണാധികാരി മുഖേന)
4. സൂപ്രണ്ട് ,IE, GEA, IT സെക്ഷൻ (വെബ്സൈറ്റ് പ്രസിദ്ധികരണത്തിന്)
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Ajith Kumar M P
Date: 15-05-2025 13:01:27